# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# 2025 - 26

ഗവ. എൽ. പി. എസ്

പള്ളിപ്പുറം

# ഉള്ളടക്കം


1. ആമുഖം
2. ചരിത്രം
3. നിലവിലുള്ള അവസ്ഥ
4. മാസ്റ്റർ പ്ലാൻ കാഴ്ചപ്പാട്
5. വിഭാവനം ചെയ്യുന്ന ഭൗതിക സംവിധാനങ്ങൾ
6. പ്രധാന പ്രവർത്തനങ്ങൾ
7. മേഖല, ലക്ഷ്യം, നടത്തിപ്പ്, കാലയളവ്, സാമ്പത്തികം
8. പ്രവർത്തന കലണ്ടർ
9. ഉപസംഹാരം

# ആമുഖം

വിദ്യ അഭ്യസിക്കുന്നത് പാപമായിരുന്ന ഒരു കാലഘട്ടത്തിൽ നിന്നും വിദ്യാഭ്യാസം ഒരു സാംസ്കാരികമായി മാറിയ സാഹചര്യമുണ്ടാകുകയും വിദ്യാലയങ്ങൾ അതിന്റെ നട്ടെല്ലായി മാറുകയും ചെയ്തു. ഇന്ന് പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്നത് സമൂഹത്തിന്റെ അന്തസ്സ് ഉയർത്തുന്ന ഒന്നാണ്. സമൂഹത്തിന്റെ ഉന്നത മേഖലകളിലെ പദവികൾ അലങ്കരിക്കുന്നതും പൊതുവിദ്യാലയത്തിലെ കുട്ടികളാണ്. ജാതി മത ലിംഗ വ്യത്യാസങ്ങളോ സാമ്പത്തിക വ്യത്യാസങ്ങളോ ഇല്ലാതെ വിദ്യ നേടുന്ന ഇന്നത്തെ കുട്ടികൾ നാളത്തെ ഉത്തമ പൗരന്മാരായി മാറുന്നു. ഇതിനായി പള്ളിപ്പുറം ഗവ. എൽ. പി. എസ് മികച്ച സേവനം കാഴ്ച വച്ചുകൊണ്ട് 108 വർഷം പിന്നിടുന്നു. മാറുന്ന കാലഘട്ടത്തിനു അനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ശോഭമങ്ങാതെ നിലനിൽക്കുന്ന ഈ വിദ്യാലയം 2026 ഓടുകൂടി സമ്പൂർണ്ണ ഹൈടെക് വിദ്യാലയമായി മാറുന്നു. അതിലുപരി രാജ്യസ്നേഹവും നന്മയും നിലനിർത്തുന്ന ഒരു കൂട്ടം ഉത്തമ പൗരന്മാരെ വാർത്തെടുക്കാനായി വിദ്യാലയം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു കഴിഞ്ഞു.

# ലഘുചരിത്രം

തിരുവിതാംകൂർ ജില്ലയിൽ അണ്ടൂർക്കോണം പഞ്ചായത്തിൽ മണിയാപുരം ബസ്സ്റ്റാൻഡിൽ നിന്നും ഒരു കിലോമീറ്റർ ചുറ്റളവിൽ പള്ളിപ്പുറം തോന്നൽ ദേവി ക്ഷേത്രത്തിലെ സമീപത്തായാണ് പള്ളിപ്പുറം വാർഡിലുള്ള ഗവൺമെന്റ് എൽ. പി. എസ് സ്ഥിതിചെയ്യുന്നത്.

തിരുവിതാംകൂർ മഹാരാജാവിന്റെ അനുമതിയാൽ ഒരുവിളാകം കുടുംബക്കാർ കൊടുത്ത വസ്തുവിലാണ് 1917 ൽ സ്ഥാപിതമായ ഈ സ്കൂൾ സ്ഥിതിചെയ്യുന്നത്. മുഹമ്മദൻസ് പ്രൈമറി സ്കൂൾ എന്ന പേരിൽ സ്ഥാപിതമായ സ്കൂൾ മുസ്ലീം പെൺകുട്ടികൾക്ക് പഠിക്കാനായിരുന്നു സ്ഥാപിച്ചത്. അഞ്ചുവരെ ക്ലാസ്സുകളുള്ള മൂന്ന് ഡിവിഷനുകൾ ഉണ്ടായിരുന്ന ഈ സ്കൂൾ കാലക്രമേണ ജീർണാവസ്ഥയിൽ ആയപ്പോൾ ഒരു താൽക്കാലിക കെട്ടിടത്തിലായി. തറപോലും ഇട്ടിട്ടില്ലായിരുന്ന ഈ കെട്ടിടത്തിൽ ഏകദേശം 7 വർഷക്കാലം സ്കൂൾ പ്രവർത്തിച്ചു. ഇന്നത്തെ സ്കൂൾ മന്ദിരം 1994ൽ വിദ്യാഭ്യാസമന്ത്രി മുഹമ്മദ് ബഷീർ ഉദ്ഘാടനം ചെയ്തു. എൽ. പി. ജി. എസ് പള്ളിപ്പുറം എന്നാക്കിമാറ്റി.

ശതാബ്ദി കഴിഞ്ഞ ഈ വിദ്യാലയത്തിലെ ആദ്യത്തെ പ്രഥമ അധ്യാപകൻ ശ്രീ. മാടൻപിള്ള സ്വാമിയും പ്രഥമ വിദ്യാർത്ഥി അബ്ദുൾ റഹ്മാനുമാണ്. ഡോ. ഇക്ബാൽ

( ആർ.സി.സി) മുൻ MLA ശ്രീ. അലികുഞ്ഞു, ശാസ്ത്രി , റിട്ട. എ.ഇ.ഒ ശ്രീ അംബ്രോസ് എന്നിവർ ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളാണ്.

# നിലവിലത്തെ അവസ്ഥ

പ്രീപ്രൈമറി മുതൽ അഞ്ചാം ക്ലാസ് വരെ ഇംഗ്ലീഷ്, മലയാളം മീഡിയങ്ങളിലായി 170ൽ അധികം കുട്ടികൾ പഠിക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളാണ് അധികവും. പരിസരപ്രദേശങ്ങളിലെ പട്ടിക വിഭാഗത്തിലെ കുട്ടികളും വിദ്യാസമ്പന്നരല്ല രക്ഷിതാക്കളുടെ മക്കൾ, അന്യസംസ്ഥാന തൊഴിലാളികളുടെ മക്കൾ വിവിധ സംസ്കാരങ്ങളിൽ ഉള്ളവർ എന്നിവർ പഠിക്കുന്നു. ഒരു HM, 5 അധ്യാപകർക്കും പുറമേ പ്രീപ്രൈമറിയിലേക്കായി ഒരു അധ്യാപികയും ഒരു ആയയും ഉണ്ട്. PTCM, പാചക തൊഴിലാളി എന്നിവരും നിലവിലുണ്ട്. സ്കൂളിലെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും നൽകിക്കൊണ്ട് PTAയും SMCയും ഉണ്ട്.

SSKയുടെ സ്റ്റാർസ് പദ്ധതി പ്രകാരം പ്രീപ്രൈമറി 'വർണ്ണക്കൂടാരം' 2023ൽ ഉദ്ഘാടനം ചെയ്തു. പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മയുടെ സ്വാധീനം ഈ പ്രവർത്തനങ്ങൾക്ക് ഉണർവ്വും നൽകി. ശിശുസൗഹൃദ പാർക്ക്, കളി ഉപകരണങ്ങൾ, കായിക ഉപകരണങ്ങൾ, മ്യൂസിക്കൽ ഉപകരണങ്ങൾ, ഊഞ്ഞാലുകൾ, Tripod, Thematic board എന്നിവ പ്രീപ്രൈമറിയിൽ സജ്ജമാക്കിയിട്ടുണ്ട്. [illegible] SSKയുടെ ഫണ്ട് ഉപയോഗിച്ച് ശിശുസൗഹൃദ പാർക്ക് ഒരു-

മാക്കിയിട്ടുണ്ട്. വിദ്യാലയ മുറ്റത്തിന് മാറ്റ് കൂട്ടുവാനായി പെരുമ മരത്തിന് ചുറ്റുമായി ആന, ജിറാഫ്, മാൻ, മയിൽ, കോഴി, ചീങ്കണ്ണി, തവള, താറാവ്, ആമ എന്നിങ്ങനെ രൂപങ്ങളുണ്ട്. വാടർഫൗണ്ടൻ, സ്ലൈഡ്, ഊഞ്ഞാൽ തുടങ്ങിയവ പാർക്കിനെ മനോഹരമാക്കുന്നു. ശിശു സൗഹൃദ ടോയ്‌ലറ്റുകൾ, പ്രത്യേക ഡൈനിങ് ഹാൾ, അടുക്കള, ഓഡിറ്റോറിയം എന്നിവയും ഉണ്ട്.

ഒന്നു മുതൽ 5 വരെ ക്ലാസുകൾ പഠന പ്രവർത്തനങ്ങൾക്ക് ഹൈടെക് ക്ലാസ് മുറികൾ ഉപയോഗപ്പെടുത്തുന്നുണ്ട്. കുട്ടികളുടെ പഠനാവശ്യത്തിനായി മൂന്ന് പ്രൊജക്ടറുകളുണ്ട്. ശിശുസൗഹൃദ ഫർണിച്ചറുകൾ ആവശ്യത്തിനുണ്ട്. കുട്ടികളുടെ പാഠ്യ പാഠ്യേതര കഴിവുകൾ വികസിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഈ വിദ്യാലയത്തിൽ നടന്നുവരുന്നു. കലാകായിക ഇനങ്ങളെ പ്രോത്സാഹിപ്പിക്കുകയും മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നുണ്ട്. കുട്ടികളുടെ സർഗ്ഗ വൈഭവം തെളിയിക്കാനായി വിദ്യാരംഗം പോലുള്ള സാഹിത്യ ക്ലബ്ബുകൾ സജീവമായി പ്രവർത്തിക്കുന്നു. ഈ വിദ്യാലയം വിടുന്ന ഒരു കുട്ടിയും എഴുത്തും വായനയും അറിയാത്തവരായി ഉണ്ടാകരുതെന്ന് ഉറച്ച തീരുമാനമാണുള്ളത്.

## അക്കാദമിക മാസ്റ്റർ പ്ലാൻ ലക്ഷ്യം

വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസം കുട്ടികളിൽ എത്തിക്കുക.

ഓരോ കുട്ടിയുടെയും അറിവും കഴിവും അതാത് പ്രായത്തിനനുസൃതമായി ശരിക്കും വികാസം ചെയ്യുന്ന പ്രകാരം ഏറ്റവും ഉയർന്ന തലത്തിൽ എത്തിക്കുക.

അക്കാദമികമായി ഇന്ന് സ്കൂളുകൾ മാറ്റുന്നതിന് എന്തെല്ലാം ചെയ്യണം എന്ന് വ്യക്തമായി ആസൂത്രണം ചെയ്യേണ്ടതുണ്ട്. കൃത്യമായും സമയബന്ധിതമായും ചെയ്യുന്നതിന് വ്യക്തമായ രേഖകൾ സൂക്ഷിച്ചു വെച്ച് പോരുക.

- അക്കാദമിക വർഷം മികവിന്റെ വർഷമായി മാറ്റുന്നതിന് പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ കഴിവ് നേടുന്നതിന് അത് പൊതുസമൂഹം ബോധ്യപ്പെടുത്തുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങൾ ചെയ്യണമെന്ന് ചിട്ടയായി രേഖപ്പെടുത്തുക.
- മെച്ചപ്പെട്ട ചുറ്റുപാടിൽ വിദ്യാഭ്യാസം നൽകുക.
- നല്ല ആരോഗ്യവും സംസ്കാരവും ഉള്ള കുട്ടികളെ വാർത്തെടുക്കുന്നതിന് ഉതകുന്ന വിധത്തിലുള്ള ആസൂത്രണം നടത്തുക.
- പഠനം ഉത്സവത്തിലൂടെ സാധ്യമാക്കുക. പഠനം ആസ്വാദ്യകരവും ആനന്ദപ്രദവുമാക്കൽ

ലക്ഷ്യമിടുക.

- മാതൃഭാഷ അനായാസമായി കൈകാര്യം ചെയ്യാനും സർഗാത്മക രചനകൾ നടത്തി സാഹിത്യലോകം സൃഷ്ടിക്കാൻ പ്രാപ്തരാക്കുക. വായന ഒരുശീലവും ലഹരിയും ആക്കുക മറുഭാഷകൾ കൈകാര്യം ചെയ്യാൻ കഴിയുക.
- ചുറ്റുപാടുകളെ മനസ്സിലാക്കി സഹജീവിസ്നേഹം പുലർത്താനും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഭാഗമാകാനും കുട്ടിയെ പ്രാപ്തരാക്കുക.
- ശാസ്ത്ര അവബോധം വളർത്താനുതകത്തക്ക പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നൽകുക.
- മൗലിക അവകാശങ്ങളും ഭരണഘടന അനുശാസിക്കുന്ന തത്വങ്ങളും അറിഞ്ഞ് പ്രവർത്തിക്കാൻ പ്രാപ്തരാക്കുക. ദേശീയ മുദ്രകൾ, ചിഹ്നങ്ങൾ, ദേശീയ നേതാക്കൾ എന്നിവയെ ആദരിക്കാനും സംരക്ഷിക്കാനും ഉള്ള മനോഭാവം വളർത്തുക. രാജ്യസ്നേഹവും നന്മയും ഉള്ള സമൂഹം വാർത്തെടുക്കാൻ വിദ്യാലയത്തിന് സാധ്യമാകുന്ന പ്രവർത്തനങ്ങൾ നൽകുക.

ചരിത്ര ശേഷിപ്പുകൾ, ചരിത്രകാരന്മാർ എന്നിവരെ ആദരിക്കാനും ബഹുമാനിക്കാനും കഴിയുക.

- സമൂഹത്തിൽ അവശത അനുഭവിക്കുന്നവരും ഭിന്നശേഷി വരെ ക്കാരെയും അംഗീകരിക്കുകയും പരിഗണിക്കുകയും ചെയ്യുക.
- ശുചീകരണ പ്രവർത്തനങ്ങൾ ചെയ്യുകയും ഒപ്പം ശുചിത്വം ശീലമാക്കുന്നതിന് പ്രവർത്തനങ്ങൾ ആസ്വാദനം ചെയ്യുക.
- ജീവിത നൈപുണി ശേഷി ആർജ്ജിക്കുക.
- ലോകായിക ശേഷി വികാസത്തിനുള്ള പ്രവർത്തനങ്ങൾ നൽകുക.
- വ്യക്തിത്വ വികാസവും സ്വയം രക്ഷയും ആർജ്ജിക്കുക. സ്വയം രക്ഷാ നിയമങ്ങൾ അറിയുക. അവ സമയോചിതമായി പ്രവർത്തിക്കാൻ പ്രാപ്തരാക്കുക. child protect Act, Poxo Act എന്നിവയിൽ അറിവുള്ളവരാകുക.

# മാസ്റ്റർ പ്ലാൻ സാധ്യമാക്കാൻ വേണ്ടുന്ന ഭൗതിക സംവിധാനങ്ങൾ

- കളിസ്ഥലങ്ങളും കായിക ഉപകരണങ്ങളും ലാപ്ടോപ്പുകൾ, ടാബ്, വീഡിയോ.
- ലാബ് ഉപകരണങ്ങൾ, സയൻസ് കിറ്റുകൾ, ഗണിത കിറ്റുകൾ, സഞ്ചരിക്കുന്ന ലാബ്
- ആനുകാലിക പ്രസിദ്ധീകരണങ്ങൾ
- കലാ കായിക ശേഷി വികാസത്തിന് ശരിയായ നേതൃത്വം നൽകാൻ ഇൻസ്ട്രക്ടർമാർ.
- പഠനലക്ഷ്യം സാധ്യമാക്കാൻ ഉതകുന്ന പഠന ഉപകരണങ്ങൾ
- കരാട്ടെ പരിശീലനം, Zumba dance, Yoga.

മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്യുന്ന പ്രധാന പ്രവർത്തനങ്ങൾ

- ഭാഷാശേഷി വികസനം
- വായന പരിപോഷണം
- ഇംഗ്ലീഷ് പഠന പരിപോഷണം
- സംയുക്തഡയറി
- സചിത്രഡയറി
- പഠനയാത്രകൾ
- രചനാ പരിചയം
- പഠന പിന്നാക്കക്കാർക്ക് പ്രത്യേക പാക്കേജ്
- E cube English, Malayalam, Hindi Activities
- ഗണിതലാബ്, ഉല്ലാസ ഗണിതം, ഗണിതം മധുരം
- SRG ശാക്തീകരണം
- അഭിമുഖങ്ങൾ
- ഗവേഷണാത്മക പ്രവർത്തനങ്ങൾ
- ആരോഗ്യ - കായിക - പ്രവൃത്തിപരിചയ ക്ലാസുകൾ

| പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നടത്തിപ്പ് | ധനവിനിയോഗം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| മലയാളം അക്ഷരജ്യോതി | വായിക്കാനും എഴുതുവാനും അറിയാത്ത 2, 3, 4, 5 ക്ലാസിലെ കുട്ടികളെ അക്ഷരമറിയുന്നവരാക്കി മാറ്റി വായിക്കുവാനും എഴുതുവാനും കഴിവുണ്ടാക്കുക. | അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഉറപ്പിക്കൽ പ്രവർത്തനം, അക്ഷരകാർഡ്, അക്ഷരചിത്രം, അക്ഷരപ്പാട്ട്, അക്ഷരകഥകൾ. പദചാർട്ടുകൾ ഉപയോഗിച്ചുകൊണ്ടുള്ള വൈവിധ്യ പഠനപ്രവർത്തനങ്ങൾ. | 2025-26 | അധ്യാപകർ കുട്ടികൾ | | |

| | | | | | | |
|---|---|---|---|---|---|---|
| മലയാളം<br>വായനക്കൂട്ടം<br>(ഭാഷാവികസനം) | നന്നായി വായിക്കാനും എഴുതുവാനും അറിയുന്ന കുട്ടികൾക്കായി ഒരുക്കുന്ന മരത്തിനു ചുറ്റും ലൈബ്രറി പുസ്തകങ്ങൾ ഒരുക്കി വായനാക്കൂട്ടം - പുസ്തക ചർച്ചയും കവിത, കഥ, അവതരണം കുറിപ്പ് തയ്യാറാക്കൽ | മരത്തിനു ചുറ്റും വാക്യ കാർഡുകൾ നൽകി വാക്യനിർമ്മാണം, വായന തുടർന്ന് ഇഷ്ടപ്പെട്ട പുസ്തകങ്ങളെടുത്ത് ഗ്രൂപ്പിൽ വായന - ചർച്ച പുസ്തകത്തിന്റെ രചനാപരിചയം തയ്യാറാക്കൽ പോലെ സഭയിൽ അവതരിപ്പിക്കൽ | അധ്യയന വർഷം | അധ്യാപകർ<br>കുട്ടികൾ<br>PTA | | |

| | | | | | | |
|---|---|---|---|---|---|---|
| കൈത്താങ്ങ് ഭാഷ Little Kingdom English language E-cube | സർഗാത്മക രചനശേഷി വികാസം, പഠനനേട്ടം ഉറപ്പിക്കൽ തെറ്റുകൂടാതെ ശുദ്ധ അക്ഷര പ്രയോഗം English ഭാഷ കേൾക്കാനുള്ള അവസരം. ഉന്നതവിദ്യാലയങ്ങളിലെ കുട്ടികൾക്കും | ഡയറിക്കുറിപ്പുകൾ തയ്യാറാക്കൽ. Make Simple Sentence using the action-word and naming words about the picture. Creative writing and Speaking Skills Make Magazine. | June to March | PTA അദ്ധ്യാപകർ | അദ്ധ്യാപകർ | |

| യൂണിറ്റ് | ലക്ഷ്യം | പ്രവർത്തനം | സാമഗ്രികൾ | സമയം | ധനവിനിയോഗം | റിമാർക്സ് |
| --- | --- | --- | --- | --- | --- | --- |
| | കൈകാര്യം ചെയ്യുന്നതിന് സഹായം ഉറപ്പാക്കുക.<br>ഉച്ചാരണ ശുദ്ധിയോടെ സംസാരിക്കാൻ പ്രാപ്തരാക്കുക.<br>To speak, read and write English without mistakes.<br>To undertake simple project works. | write dialogue and roleplay. | | | | |

| | | | |
|---|---|---|---|
| സാമൂഹിക പങ്കാളിത്തം | സമൂഹവും വിദ്യാലയവും ഒന്ന് എന്ന ചിന്ത വളർത്തുക. | പൂർവ്വ വിദ്യാർത്ഥി സംഗമം നടത്തുക.<br><br>Class PTA കൂടി രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക | വർഷത്തിൽ PTA [illegible] തവണയും ക്ലാസ്സ് PTA യോഗങ്ങൾ |
| | കുട്ടികൾ കുറയുന്ന വിദ്യാലയങ്ങളിൽ മികവുറപ്പുവരുത്തി കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കൽ | അടിസ്ഥാന പ്രശ്നങ്ങൾ ഓരോന്നായി പരിഹരിക്കാൻ വിവിധ ഏജൻസികളുടെ സഹായത്തോടെയുള്ള പരിശ്രമങ്ങൾ | |

| | | | | |
|---|---|---|---|---|
| കായിക ആരോഗ്യ വിദ്യാഭ്യാസം | കുട്ടികളിലെ കായികക്ഷമത വർധിപ്പിക്കുക.<br>കായിക ബുദ്ധി, ജീവിതശൈലി, ആരോഗ്യം, മാനസികോല്ലാസം എന്നിവ നേടുക | നീന്തൽ, വാദ്യോപകരണങ്ങൾ, അത്‌ലറ്റിക്സ് പരിശീലിപ്പിക്കുക.<br>ഒരു അധ്യാപകന്റെ സ്ഥിരസേവനം ഉണ്ടായിരിക്കണം.<br>കായിക ഉപകരണങ്ങൾ കളിസ്ഥലം എന്നിവ നേടിയെടുക്കൽ<br>യോഗ, കരാട്ടെ, Zumba പരിശീലനം | വർഷം മുഴുവൻ | അനന്ത സഡീം<br>SSG |

| | | | | | |
|---|---|---|---|---|---|
| പൈനടെക് സംവിധാനങ്ങൾ TOM AND JERRY SPOKEN ENGLISH Programme. | TOM and JERRY spoken English programme Modelകൾ ഭാഷ പറയുവാനും കഴിവ് വർധിപ്പിക്കുന്നു. | കമ്പ്യൂട്ടർ സഹായത്തോടെ ലഭ്യമാക്കപ്പെടുന്ന പ്രത്യേക പരിപാടി TOM AND JERRY MODEL ഇംഗ്ലീഷ് സംസാരം കേൾക്കുവാനും പറയുവാനും കഴിവ് വർധിപ്പിക്കുന്നു. ഗെയിം play ചെയ്ത് ആനന്ദങ്ങൾ | ദീർഘകാലം | അദ്ധ്യാപകർ | അദ്ധ്യാപകരും കുട്ടികളും |

| മേഖല | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പങ്കാളിത്തം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|---|
| ഗണിതം<br>ഗണിതമേഖല<br>മെട്രിക്മേള | ഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിനും ചതുഷ്ക്രിയകൾ എളുപ്പമാക്കുന്നതിനും അളവുതൂക്കങ്ങൾ അളക്കുന്നതിനുള്ള അവസരമൊരുക്കൽ | ചിത്രങ്ങൾ ഉപയോഗിച്ച് അളവുതൂക്കങ്ങൾ പരിചയപ്പെടൽ, നീളം അളക്കൽ, വെള്ളമളക്കൽ, കളിച്ചന്ത തുടങ്ങി വൈവിധ്യമാർന്ന ക്യാമ്പ് പ്രവർത്തനങ്ങൾ ഒരുക്കുന്നു. | ആദ്യ 3 മാസം | അധ്യാപകർ<br>കുട്ടികൾ | അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| അറിവുൽസവം | പത്രവാർത്തകൾ, ആനുകാലികങ്ങൾ വായിച്ച് അറിവുനേടുക. ക്വിസ് മത്സരങ്ങൾ, LSS പരീക്ഷകളിൽ ഉന്നത വിജയം നേടുക | ക്ലാസ് ലൈബ്രറി ശാക്തീകരണം, പത്രക്വിസ്, വാരാന്ത്യ പതിപ്പ് തയ്യാറാക്കൽ ക്വിസ് മത്സരം എല്ലാ ആഴ്ചയും നടത്തി - ക്ലാസ്സിൽ എഴുതി സൂക്ഷിക്കൽ | അധ്യയന വർഷം | PTA അധ്യാപകർ | അധ്യാപകർ പഞ്ചായത്ത് |

| | | | | | യോഗം | റിമാർക്സ് |
|---|---|---|---|---|---|---|
| പരിസര പഠനം<br>പരീക്ഷണ കളരി<br>എന്റെ ഭൂമി | പരിസ്ഥിതി സംരക്ഷണ ശാസ്ത്ര കഴിവുകൾ നിരീക്ഷണം, പരീക്ഷണം തുടങ്ങിയവ വികസിപ്പിക്കുക | പരിസര പഠനാശയങ്ങൾ ഉറപ്പിക്കുന്നതിനു ആഴ്ചയിൽ ഒരു പരീക്ഷണം തയ്യാറാക്കി അവതരിപ്പിക്കൽ, പരിസര നിരീക്ഷണ അഭിമുഖം, ശുചീകരണ പ്രവർത്തനങ്ങൾ, പരിസ്ഥിതി സംരക്ഷണങ്ങൾ. | | | | |
| കൃഷി | നെൽ കൃഷി ഔഷധകൃഷി വീട്ടിലൊരു പച്ചക്കറിത്തോട്ടം ഇവയുടെ ഗുണങ്ങൾ | പഠനയാത്ര, ചിത്രങ്ങൾ പരിചയപ്പെടൽ | | | | |

| [illegible] | [illegible] | [illegible] | കാലയളവ് | നടത്തിപ്പ് | ധനവിനിയോഗം | റിമാർക്സ് |
|---|---|---|---|---|---|---|
| Plastic വിമുക്ത വിദ്യാലയം ജൈവ ഉദ്യാനം | പ്ലാസ്റ്റിക്കുൾപ്പെടെയുള്ള പാഴ്‌വസ്തുക്കൾ പഠനോപകരണങ്ങളാക്കാമെന്ന്. | വിദ്യാലയം മനോഹരമാക്കാൻ ക്ലബ്ബുകൾക്ക് ചുമതലകൾ വിഭജിച്ച് നൽകൽ<br>പ്ലാസ്റ്റിക് മാലിന്യത്തിൽ നിന്ന് പഠനോപകരണങ്ങൾ നിർമ്മിക്കൽ | അധ്യയന വർഷം | അധ്യാപകർ കുട്ടികൾ | പഞ്ചായത്ത്<br>PTA<br>Teacher | |

| | | പ്രവർത്തനം | കാലയളവ് | [illegible] | ധനവിനിയോഗം |
|---|---|---|---|---|---|
| ആരോഗ്യം | | | | | |
| പോഷണം | കുട്ടികളുടെ പോഷകാഹാര പ്രശ്നങ്ങൾ പരിഹരിക്കാനു നാടൻവിഭവങ്ങളെ കുറിച്ച് മനസ്സിലാക്കാനുള്ള പദ്ധതി | പോഷണമൂല്യമുള്ള ഭക്ഷണങ്ങൾ ഉൾപ്പെടുത്തി ഭക്ഷ്യമേള സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒന്ന് | | |
| ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക | ആരോഗ്യമല്ലാത്ത ഭക്ഷണരീതിയുടെയും ലഹരിവസ്തുക്കളുടെയും അപകടങ്ങളെ കുറിച്ച് ബോധവാൻമാരാകുക | ആകർഷക നിറങ്ങളിലെ ഭക്ഷണവസ്തുക്കൾ എങ്ങനെ ദോഷം ചെയ്യുന്നു. | | | |

| ... | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നടത്തിപ്പ് | ധനവിനിയോഗം നിർവഹണ ... |
|---|---|---|---|---|---|
| വ്യക്തിശുചിത്വം | പകർച്ചവ്യാധികളെ തിരിച്ചറിഞ്ഞ് രക്ഷാമാർഗം സ്വീകരിക്കുക. | രോഗങ്ങൾ വരുത്തുന്ന ഭക്ഷണങ്ങളെ ഒഴിവാക്കാനും നല്ല ഭക്ഷണശീലങ്ങൾ ചിട്ടപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ. Medical camp സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒന്ന് | പ്രധാന വിദ്യാർഥികൾ, PTA | ആരോഗ്യ പ്രവർത്തകർ |
| പകർച്ചവ്യാധി രോഗങ്ങളിൽ നിന്നു രക്ഷ നേടുക | | ശുചിത്വദിനത്തിന്റെ പരിപാടികൾ വിദ്യാലയത്തിൽ നടപ്പാക്കുന്നു. | വർഷം മുഴുവൻ | | |

| | | | | | |
|---|---|---|---|---|---|
| Committee | | സുരക്ഷിതമായി മാറുന്നതിന് ബോധവൽക്കരണ ക്ലാസുകൾ. | | | |
| Poxo Act പരിചയപ്പെടൽ | | Help desk ഉപയോഗങ്ങൾ പരിചയപ്പെടൽ | | | |
| പൗരത്വബോധം<br>ചരിത്ര സ്മാരകങ്ങൾ, ജവാന്മാർ, ദേശീയ ചിഹ്നങ്ങൾ, എന്നിവ സംരക്ഷിക്കുക ആദരിക്കുക.<br>ദേശസ്നേഹം വളർത്തുക | ഓരോ കുട്ടിയും സമൂഹത്തിലെ അംഗമാണെന്ന ബോധം ഉണ്ടാക്കുക.<br>സഹകരണ മനോഭാവം വളർത്തുക.<br>റോഡ് സുരക്ഷാ മാർഗ്ഗം സ്വീകരിക്കുക. | സഹവാസ ക്യാമ്പുകൾ സംഘടിപ്പിക്കുക.<br>ഫീൽഡ് ട്രിപ്പ് നടത്തുന്നു.<br>റോഡ് സുരക്ഷാ ഉദ്യോഗസ്ഥരുമായി അഭിമുഖം.<br>നിയമപാലകരെക്കുറിച്ചുള്ള short film, CD പ്രദർശനം. | വർഷത്തിൽ ഒന്ന് | അധ്യാപകർ, PTA പൂർവ്വ വിദ്യാർഥികൾ SSG | പൂർവ്വ വിദ്യാർഥികൾ SSG PTA |

പ്രവർത്തന കലണ്ടർ

| മാസം | പ്രവർത്തനം |
| --- | --- |
| ജൂൺ | മലയാളം ഭാഷാ പ്രയോഗവും |
| ജൂൺ | കൂട്ടിച്ചേർക്കലും English E-cube |
| ജൂലൈ | English language |
| ആഗസ്റ്റ് | പരീക്ഷണകളരി, ക്വിസ് |
| സെപ്റ്റംബർ | അറിവുത്സവം ആരോഗ്യ കലാകായിക |
| ഒക്ടോബർ | ഗണിതമേള ശാസ്ത്രമേള |
| നവംബർ | ഹൈടെക് സംവിധാനത്തിലൂടെ ഇംഗ്ലീഷ് പരിശീലന പരിപോഷണം. |
| ഡിസംബർ | ആരോഗ്യ കലാകായിക വിദ്യാഭ്യാസം. |
| ജനുവരി | ഭാഷാവികസനം E cube English സാഹിത്യപാഠങ്ങളും |
| ഫെബ്രുവരി | പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം |
| മാർച്ച് | വ്യക്തിശുചിത്വം ആരോഗ്യ പാലനം (എല്ലാ മാസവും) |

# ഉപസംഹാരം

തന്റെ ചുറ്റുപാടുമുള്ള സാമൂഹ്യപ്രശ്നങ്ങളെ ഉൾക്കൊണ്ടുകൊണ്ട് പഠനം സാധ്യമാക്കുന്ന തരത്തിലുള്ള ഒരു മാസ്റ്റർപ്ലാൻ ആണ് വിദ്യാലയം ഏറ്റെടുത്തിരിക്കുന്നത്. നൂതന സാങ്കേതിക വിദ്യയുടെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുകയും, ആരോഗ്യപരമായും, കലാകായിക ശേഷീപരമായും പൊതു വിദ്യാലയത്തിലെ കുട്ടികൾ ഒട്ടും പുറകിലല്ല എന്ന് തെളിയിക്കാൻ വേണ്ടിയുള്ള ഒരു തീവ്രയത്നമാണ്. പുതിയ ലോകം സൃഷ്ടിക്കാനുള്ള കർമ്മ പദ്ധതിയായി ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഉപകരിക്കുമെന്ന് പ്രത്യാശിക്കുന്നു.